"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"
www.keralaprisons.gov.in

പ്രിസൺസ് &കറക്ഷണൽ
സർവ്വീസസ്,
കേരളം

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
0471-2342532
keralaprisons@gov.in

നടപടികൾ

വിഷയം :-ജയിലുകൾ - ആസ്ഥാനകാര്യാലയം - ജയിലുകളെയും കോടതികളെയും ബന്ധിപ്പിച്ചുകൊണ്ട് പുതിയ പോർട്ടബിൾ വീഡിയോ കോൺഫറൻസിംഗ് ഉപകരണങ്ങൾ സ്ഥാപിക്കുന്ന പദ്ധതി – ജോയിന്റ് സൂപ്രണ്ട് ശ്രീ.അഖിൽ.എസ്.നായരെ നോഡൽ ഓഫീസറായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1. ജയിലാസ്ഥാനകാര്യാലയത്തിലെ 22.09.2026 തീയതിയിലെ KPCS/5043/2026-P6 നമ്പർ കത്ത്

2. ജയിലാസ്ഥാനകാര്യാലയത്തിലെ 06.10.2026 തീയതിയിലെ KPCS/3539/2026-P2 നമ്പർ കത്ത്

ഉത്തരവ് നമ്പർ: KPCS/3539/2026-P2-Part(1); **തീയതി: 02-11-2026**

'ജയിലുകളും കോടതികളും തമ്മിലുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം' എന്ന പദ്ധതിയുടെ ഭാഗമായി, നിലവിൽ 460 ജയിൽ–കോടതി ലൊക്കേഷനുകളിൽ സ്ഥാപിച്ചിട്ടുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം അപ്ഗ്രേഡ് ചെയ്ത് പോർട്ടബിൾ വീഡിയോ കോൺഫറൻസിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ഭാഗമായി, പ്രാരംഭഘട്ടത്തിൽ 86 ജയിൽ ലൊക്കേഷനുകളിലും, 71 കോടതി ലൊക്കേഷനുകളിലും പോർട്ടബിൾ വീഡിയോ കോൺഫറൻസിംഗ് ഉപകരണങ്ങൾ വിതരണം ചെയ്ത് സ്ഥാപിക്കുന്നതിന് പരാമർശം (1), (2) എന്നിവ പ്രകാരം കെൽട്രോണിന് വർക്ക് ഓർഡർ നൽകിയിരുന്നു.

പ്രസ്തുത പദ്ധതിയുടെ സുഗമമായ നിർവഹണം, ഏകോപനം, പുരോഗതി നിരീക്ഷണം, തുടർ പരിപാലനം എന്നിവ ഉറപ്പുവരുത്തുന്നതിനായി തിരുവനന്തപുരം സെൻട്രൽ ജയിലിലെ ജോയിന്റ് സൂപ്രണ്ട് ശ്രീ. അഖിൽ എസ്. നായരെ നോഡൽ ഓഫീസറായി നിയമിച്ച് ഉത്തരവാകുന്നു.

നോഡൽ ഓഫീസർ, പ്രസ്തുത പോർട്ടബിൾ വീഡിയോ കോൺഫറൻസിംഗ്

പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെ ഏകോപനവും മേൽനോട്ടവും നിർവഹിക്കേണ്ടതും, കെൽട്രോണുമായും, ബന്ധപ്പെട്ട ജയിൽ, കോടതി അധികൃതരുമായും സഹകരിച്ച് ഉപകരണങ്ങളുടെ വിതരണം, സ്ഥാപിക്കൽ, പ്രവർത്തനക്ഷമത, സാങ്കേതിക പ്രശ്നങ്ങളുടെ പരിഹാരം, തുടർപരിപാലനം എന്നിവ ഉറപ്പുവരുത്തേണ്ടതുമാണ്.

നോഡൽ ഓഫീസർ ടി പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ, പി2, പി6 സീറ്റുകളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

ഫോൺ നം -9495292926

ഇമെയിൽ ഐഡി-akhilastjailor@gmail.com.

DINESH B
DEPUTY INSPECTOR GENERAL OF PRISONS(HQ)

സ്വീകർത്താവ്: ശ്രീ.അഖിൽ.എസ്.നായർ
ജോയിന്റ് സൂപ്രണ്ട്
സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം തിരുവനന്തപുരം
(സൂപ്രണ്ട് മുഖാന്തിരം)

Digitally signed by Dinesh Bhagavathi Pillai
Date: 02-11-2026 16:49:39

പകർപ്പ്:
1. മാനേജിംഗ് ഡയറക്ടർ
കെൽട്രോൺ
2. മേഖലാ ഡി ഐ ജി മാർ
3.സൂപ്രണ്ട്, സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം, തിരുവനന്തപുരം
4. എല്ലാ ജയിൽ സ്ഥാപനമേധാവിമാർക്കും